# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
ഫെബ്രുവരി 6


ദനഹ ആറാം ഞായർ



# വിമോചകനും അവന്റെ കൂട്ടാളികളും

ലേവ്യ 4:13-21, കൊളോ 1:12-19 മാർക്കോസ് 2:1-12

'അവനവനിലെ ക്രിസ്തുവിനെ അറിയുക, അപരനിലെ ക്രിസ്തുവിനായി അർപ്പിക്കുക'
- എം. പി.തൃപ്പൂണിത്തുറ.

താൻ ഏറ്റവുമധികം അത്ഭുതങ്ങൾ പ്രവർത്തിക്കാനിരുന്ന നഗരങ്ങളിലൊന്നായ കഫർണാമിലെ ആദ്യ ദിനങ്ങളിലാണ് ക്രിസ്തു. അത്ഭുതങ്ങളും അടയാളങ്ങളും ആരംഭിച്ചു കഴിഞ്ഞു. ആളുകൾ തേടി വരാൻ മാത്രം പോപ്പുലറാണ് അവനിപ്പോൾ. തന്നെ തേടി വന്നവരുടെ മധ്യേ നിന്നുകൊണ്ട് അവൻ തന്റെ ദൗത്യം പ്രഖ്യാപിക്കുകയാണ്. മനുഷ്യപുത്രൻ വന്നിരിക്കുന്നത് വെറുമൊരു രോഗശാന്തിക്കാരനോ ഇന്ദ്രജാലക്കാരനോ ആകാനല്ല, മറിച്ച് ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാനാണ്. സ്നാപകൻ അവനെ പരിചയപ്പെടുത്തിയതും അങ്ങനെ തന്നെയായിരുന്നുവല്ലോ, 'ഇതാ,ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'

തളർവാത രോഗിയെ സുഖമാക്കുന്ന സുവിശേഷഭാഗത്തിൽ രോഗങ്ങൾക്കും തകർച്ചകൾക്കും കാരണം ഒരുവന്റെ പാപമാണെന്ന യഹൂദവിശ്വാസത്തെ ക്രിസ്തു അംഗീകരിക്കുന്നതായി സംശയം തോന്നാമെങ്കിലും പാപം മോചിക്കാൻ തനിക്ക് അധികാരം ഉണ്ടെന്ന സത്യം വെളിപ്പെടുത്തുകയും പാപമോചനത്തിലൂടെ സാധ്യമാകുന്ന സമ്പൂർണ്ണ വിമോചനമാണ് താൻ ലക്ഷ്യം വയ്ക്കുന്നതെന്ന സന്ദേശം അവതരിപ്പിക്കുകയുമാണ് ക്രിസ്തു ചെയ്യുന്നത്.

## വിശുദ്ധി,
## വിമോചനത്തിലേക്കുള്ള വഴി

ഭൗതീക നേട്ടങ്ങളോ രോഗസൗഖ്യങ്ങളോ അല്ല, ആത്മാവിന്റെ വിശുദ്ധീകരണവും വീണ്ടെടുക്കലുമാണ് ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയിലെ പരമ പ്രധാന ലക്ഷ്യങ്ങൾ. മനുഷ്യപുത്രനിലുള്ള വിശ്വാസവും അവൻ പ്രദാനം ചെയ്യുന്ന,



വിജയ് പി. ജോയി

പാപമോചനം വഴി കരഗതമാകുന്ന വിശുദ്ധജീവിതവുമാണ് രക്ഷയുടെ അടിസ്ഥാന ശിലകൾ.

അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന് പറഞ്ഞാണ് ക്രിസ്തു ആരംഭിച്ചത്. സകലമാന അപമാനങ്ങളും പീഡകളും സഹിച്ച് ഇവരോട് പൊറുക്കണമേ എന്ന് പ്രാർത്ഥിച്ചാണ് കുരിശിൽ അവൻ ജീവിതം അവസാനിപ്പിച്ചത്. മനുഷ്യർക്ക് വിശുദ്ധിയുടെ ശുഭ്ര വസ്ത്രം സമ്മാനിക്കാനായിരുന്നു ചെങ്കോരയിൽ മുങ്ങി അവൻ കടന്നു പോയത്. എന്നിട്ടും നമ്മുടെ പ്രാർത്ഥനകളും ധ്യാനപ്രസംഗങ്ങളും രോഗശാന്തി, പരീക്ഷാവിജയം, വിദേശ ജോലി, സാമ്പത്തിക ബാധ്യത, വിവാഹാലോചന എന്നിവയ്ക്കപ്പുറത്തേക്കു നീളുന്നില്ല എന്നതാണ് കോമഡിയും ട്രാജഡിയും.

പാപങ്ങൾ മോചിക്കാൻ അധികാരമുള്ള അവനൊപ്പം കൂടാൻ ആഗ്രഹിക്കുന്നവർ അനുതാപവും ജീവിത വിശുദ്ധിയും തങ്ങളുടെ മുഖമുദ്രയാക്കി മാറ്റേണ്ടതുണ്ട്. അനുതാപം എന്നത് ദൈവസ്നേഹത്തിലേക്കും ആദ്യ നൈർമല്യത്തിലേക്കുമുള്ള മടങ്ങി വരവാണ്. വിശുദ്ധിയാകട്ടെ ഒരുവന്റെ ഇഷ്ടങ്ങൾക്കു മീതെ ദൈവഹിതത്തെ പ്രതിഷ്ഠിക്കലാണ്.

പിതാവിന്റെ സ്നേഹത്തിലേക്കുള്ള മനുഷ്യമക്കളുടെ മടങ്ങി വരവും അവിടുത്തെ ഹിതാനുസരണമുള്ള ജീവിതവും സാധ്യമാകുന്നതിലൂടെ മാത്രമേ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാനുള്ള തന്റെ ശ്രമങ്ങൾ ഫലം ചൂടകയുള്ളു എന്ന് ക്രിസ്തുവിനു നന്നായി അറിയാമായിരുന്നു. അതുക്കൊണ്ടാണ് സൗഖ്യശുശ്രൂഷകൾക്കൊടുവിൽ അവൻ ഇങ്ങനെ ആവശ്യപ്പെടുന്നത്, 'ഇനി മേലിൽ പാപം ചെയ്യരുത്'

'ക്രൈസ്തവ പ്രബോധനങ്ങളുടെയെല്ലാം അർത്ഥവും ദൈവവചനത്തിന്റെ പൊരുളും പിഴിഞ്ഞെടുത്താൽ വിശുദ്ധിയാണ് ക്രൈസ്തവ ജീവിതത്തിന്റെ സത്ത എന്ന ഉത്തരം കിട്ടും'- പോപ്പ് ഫ്രാൻസിസ്

## വിസ്മയങ്ങളല്ല, വിമോചനം

വിസ്മയിപ്പിക്കാനല്ല, വിമോചിപ്പിക്കാനാണ് ക്രിസ്തു വന്നത്. രോഗശാന്തികളിലൂടെയല്ല,മുറിവു കളിലൂടെയാണ് അവൻ സൗഖ്യം പ്രദാനം ചെയ്തത്.

തളർവാതം മാറി, അത് കണ്ട് ജനങ്ങൾ വിസ്മയിച്ചു എന്നതല്ല പ്രത്യുത, പാപമോചനം സാധ്യമായി എന്നതാണ് വചനത്തിലെ ഹൈലൈറ്റ്. അത്ഭുതങ്ങൾ സംഭവിക്കുന്നതും പ്രവർത്തിക്കുന്നതും യോഗ്യതയായി അവൻ കരുതിയിരുന്നില്ല എന്നതാണ് സത്യം. ഏറ്റവുമധികം അത്ഭുതങ്ങൾ നടന്ന നഗരങ്ങളെ പ്രതിയായിരുന്നു അവന്റെ വലിയ വിലാപം. അത്ഭുതങ്ങൾ പ്രവർത്തിച്ച് തനിക്കൊപ്പം ഇടം കണ്ടെത്താൻ ശ്രമിച്ചവർക്കായി അവൻ കരുതി വച്ച മറുപടി ഞാൻ നിങ്ങളെ അറിയില്ല എന്നതാണ്. കള്ള ക്രിസ്തുമാരും വ്യാജപ്രവാചകരും അടയാളങ്ങൾ പ്രവർത്തിക്കുമെന്ന മുന്നറിയിപ്പും അവൻ നൽകുന്നുണ്ട്.(മാർക്കോ:13:22) പറയാൻ ആഗ്രഹിക്കുന്നത്, വിസ്മയിപ്പിക്കുന്ന നിർമ്മിതികൾ, സമൃദ്ധിയുടെ ധ്യാനപ്രസംഗങ്ങൾ, വർദ്ധിച്ചു വരുന്ന രോഗശാന്തികൾ, ആഘോഷങ്ങൾക്കായി ഒരുമിച്ചു കൂടുന്ന ഭക്തജനങ്ങളുടെ തിരക്ക് തുടങ്ങിയവയെല്ലാം കണ്ടും കേട്ടും രക്ഷപ്പെടാമെന്ന ധാരണകളെ മനസിൽ നിന്നും എടുത്ത് മാറ്റുക. എന്നിട്ട് ക്രിസ്തു ആഗ്രഹിക്കുന്ന വിധം നിർമലമായ ശരീരത്തോടും മനസോടും കൂടി ജീവിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുക. അപ്പോൾ സ്വർഗത്തിൽ പേര് എഴുതി ചേർക്കപ്പെടാനുള്ള യോഗ്യത നിങ്ങൾക്ക് സ്വന്തമാകും.

ഒരു അരി മണി പോലും എടുക്കാനില്ലാത്തത്ര ദാരിദ്ര്യം. എന്നിട്ടും അടുപ്പിലിരിക്കുന്ന കലത്തിലെ തിളയ്ക്കുന്ന വെള്ളത്തിലേക്ക്, ശൂന്യതയിൽ നിന്ന് അരിപ്പൊടി വന്നു വീഴുമ്പോൾ വിസ്മയം പൂണ്ട് വാ പൊളിച്ചു നിൽക്കാതെ സാത്തനേ, എന്റെ ദൈവം മലർപ്പൊടിക്കാരനല്ലെന്നു വിളിച്ച് പറഞ്ഞ റാബിയായുടെ അരികിൽ ഇരുന്ന് വിസ്മയങ്ങളെ കുറിച്ച് ധ്യാനിക്കുന്നതും ആലോചിക്കാവുന്നതാണ്.

## വിമോചനം വെറും വാക്കല്ല

തന്റെ മുമ്പിൽ വരുന്നവരെ താത്കാലിക സന്തോഷങ്ങളും സൗഖ്യങ്ങളും നൽകി തിരിച്ചു അയക്കുന്നവനല്ല ക്രിസ്തു. പരിഹരിക്കേണ്ട പരിക്കുകളെ കൃത്യമായി കണ്ടും കേട്ടും തൊട്ടുമറിഞ്ഞു ശാശ്വത പരിഹാരങ്ങളിലേക്കാണ് അവൻ ജനങ്ങളെ കൂട്ടികൊണ്ടു പോയിരുന്നത്. തളർവാത രോഗിക്ക് പാപമോചനം നൽകുന്നത് വഴി രോഗസൗഖ്യം മാത്രമല്ല, അനുഗ്രഹങ്ങളുടെ ഉറവിടമായ ദൈവത്തെ തന്നെയാണ് ക്രിസ്തു പ്രദാനം ചെയ്തത്.

തങ്ങൾക്കൊപ്പം നിൽക്കുമെന്നും പ്രശ്നങ്ങൾക്കൊരു പരിഹാരം ഉണ്ടാക്കുമെന്നും വിശ്വസിച്ച്, ജനങ്ങൾ സങ്കടങ്ങളും അപേക്ഷകളുമായി വരുമ്പോൾ അവരെ എന്തെങ്കിലുമൊക്കെ പറഞ്ഞു പറ്റിച്ചും വിഷയം മാറ്റിയും അപ്പക്കഷ്ണങ്ങൾ ഇട്ടു കൊടുത്തും ഒഴിവാക്കുന്ന നേതാക്കളും മാധ്യമങ്ങളും അരങ്ങു വാഴുന്ന കാലമാണിത്.

തകർന്ന് തരിപ്പണമായ സാമൂഹിക-സാമ്പത്തിക ചുറ്റുപാടിൽ കടം കയറി നടുവൊടിഞ്ഞ് ജീവിക്കാൻ നിവൃത്തിയില്ലാത്തവർ ഒരു സമാശ്വാസത്തിനായി കേഴുമ്പോൾ നാളെ ഡിജിറ്റൽ ലോകത്തിൽ നമ്മൾ ഒന്നാം നമ്പറാകും എന്ന് പറഞ്ഞു ആവേശം കൊള്ളിക്കുന്ന മന്ത്രി. നാളത്തെ പത്രത്തിൽ ഒരു തലക്കെട്ട്, അടുത്ത തെരഞ്ഞെടുപ്പിൽ പത്ത് വോട്ട് എന്നീ ലക്ഷ്യങ്ങൾ മാത്രം വച്ച് പ്രവർത്തിക്കുന്ന രാഷ്ട്രീയ നേതാക്കൾ. വികസന പദ്ധതികളുടെ പേരിൽ വീടും നാടും നഷ്ടമാകുമെന്ന് ജനം ആശങ്കപ്പെടുമ്പോൾ വിവാദ നടന്റെ വിളയാട്ടങ്ങളെ ചർച്ച ചെയ്യുന്ന മാധ്യമങ്ങൾ. ഇനി ഒരു ബലി അർപ്പിക്കാൻ വരുമോ ഇല്ലയോ എന്നുറപ്പില്ലാത്ത മഹാമാരിയുടെ കാലത്ത് ബലിയെ ചൊല്ലി

തമ്മിലടിക്കുന്ന മതനേതൃത്വങ്ങൾ.

ഞാൻ നൽകുന്ന സന്തോഷം ആരും ഒരിക്കലും നിങ്ങളിൽ നിന്ന് എടുത്തു മാറ്റുകയില്ലെന്ന് പറഞ്ഞ ആ നസ്രായനെ പിഞ്ചെല്ലുന്നത് തന്നെയാകും ഈ കെട്ട കാലത്ത് ശാശ്വത സമാധാനത്തിനു നല്ലത്.

## വിമോചകനെ വിസ്മയിപ്പിച്ചവർ

ക്രിസ്തു നൽകുന്ന വിമോചനത്തിന്റെ സുവിശേഷം കണ്ണടച്ച് ധ്യാനിക്കാനുള്ള ദൂത് മാത്രമല്ല, കണ്ണ് തുറന്ന് പ്രവർത്തിക്കാനുള്ള ദൗത്യം കൂടിയാണ്.

ക്രിസ്തുവിന്റെ വിമോചന ദൗത്യത്തിൽ കൂട്ടുവേലക്കാരാവുക, അതു വഴി അവനെ വിസ്മയിപ്പിക്കുക. ഇതിൽപരം ഭാഗ്യം മറ്റെന്താണ്?അത്തരമൊരു ഭാഗ്യം സ്വന്തമാക്കിയവരാണ് തളർവാത രോഗിയെ ക്രിസ്തുവിന്റെ മുമ്പിലേക്കെത്തിച്ച ആ നാല് പേർ. രക്ഷയ്ക്കായുള്ള നിലവിളികൾക്കിടയിൽ രക്ഷകരാകാനുള്ള വിളിയുണ്ടെന്ന് തിരിച്ചറിഞ്ഞവരാണവർ.

ഏതൊരത്ഭുത പ്രവൃത്തിയിലും മനുഷ്യന്റെ ഇടപെടലുകൾ ക്രിസ്തു ആഗ്രഹിക്കാറുണ്ട്. കാനായിലെ വെള്ളം വീഞ്ഞാക്കൽ, അപ്പം വർദ്ധിപ്പിക്കൽ, പത്ത് കുഷ്ഠരോഗികളെ സൗഖ്യമാക്കൽ, ലാസറിനെ ഉയർപ്പിക്കൽ എന്നിവയെല്ലാം ഉദാഹരണങ്ങളാണ്. ഇവിടെയും തളർവാത രോഗിയെ സൗഖ്യത്തിലേക്കു നയിക്കുന്നത് അവന്റെ ചങ്ങാതിമാരെന്ന് കരുതാവുന്ന നാല് പേരുടെ നിസ്വാർത്ഥമായ പങ്കാളിത്തമാണ്.

പേരുകളൊന്നും രേഖപ്പെടുത്തിയിട്ടില്ലെങ്കിലും സുവിശേഷം പ്രസംഗിക്കപ്പെടുന്ന ഇടങ്ങളിലെല്ലാം അവരുടെ പ്രവൃത്തിയും പ്രകീർത്തിയ്ക്കപ്പെടുമെന്നത് ഉറപ്പ്.

ഇതു പോലൊന്ന് ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല എന്ന ജനങ്ങളുടെ വിസ്മയത്തിൽ തളർവാത രോഗിയുടെ എഴുന്നേറ്റു നടപ്പ് മാത്രമല്ല, മേൽക്കൂര പൊളിച്ച് രോഗിയെ താഴേക്കിറക്കിയതും ഉൾപ്പെട്ടിട്ടുന്നാണ് എന്റെ വിശ്വാസം.

ആരുടെയെങ്കിലുമൊക്കെ ഒരു കൂട്ട് ഉണ്ടായാൽ ഏതൊരു മനുഷ്യനും തകർച്ചകളിൽ നിന്നും എഴുന്നേറ്റു നിൽക്കാനും നടക്കാനും സാധിക്കുമെന്നതിന്റെ പ്രത്യാശയാർന്ന തെളിവ് കൂടിയാണ് വചനഭാഗം.

ദാരിദ്ര്യം, രോഗങ്ങൾ, ശാരീരിക പ്രത്യേകതകൾ, നിറം, ജാതി, ലിംഗം, തൊഴിൽ എന്നിവയുടെയൊക്കെ പേരിൽ മനുഷ്യരായി പോലും പരിഗണിക്കപ്പെടാതെ പോകുന്ന കുറെയേറെ ദൈന്യ ജന്മങ്ങളുടെ നാടാണ് നമ്മുടേത്. കഷ്ടപ്പെടുന്ന അവരുടെ കഷ്ടതകളെ മൊബൈലിൽ പകർത്തുന്നതിനപ്പുറത്തേക്ക്



അവർക്കാവശ്യമായ കരുതലും കരുത്തും കരുണയും പകർന്നു നൽകാൻ നമ്മുടെ കരങ്ങൾക്കാകുമോ എന്നതാണ് ആ നാലു പേർ ഉയർത്തുന്ന വെല്ലുവിളി.

മറ്റുള്ളവരുടെ മോചനത്തിനു വേണ്ടിയുള്ള കൊച്ചു കൊച്ചു ശ്രമങ്ങൾ, ഇടപെടലുകൾ, അവർക്കായുള്ള ത്യാഗപ്രവൃത്തികൾ, നോമ്പ് നോക്കലുകൾ, മദ്ധ്യസ്ഥ പ്രാർത്ഥനകൾ, ചില ഐക്യദാർഢ്യങ്ങൾ ഇവയൊന്നും വെറുതെയായി പോകില്ലെന്നതാണ് ഈ ആഴ്ചയിലെ സുവിശേഷത്തിലെ സുവിശേഷം.

പക്ഷേ, മനുഷ്യനെ സമ്പൂർണ്ണ വിമോചനത്തിലേക്ക് നയിക്കാൻ ഉത്തരവാദിത്വപ്പെട്ട വ്യക്തികളും ഇടങ്ങളും ആ ജോലി നിർവഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്നത് സമകാലീന ലോകത്തിൽ ആശങ്കയും അസ്വസ്ഥതയും പടർത്തുന്നു. അവഗണനകളുടെ, ആഡംബരങ്ങളുടെ, അധികാര ദുർവിനിയോഗങ്ങളുടെ, ആഘോഷങ്ങളുടെ, ആൾക്കൂട്ടങ്ങളുടെയൊക്കെ മാത്രമായി അവയും അവരും മാറുമ്പോൾ സാധാരണ മനുഷ്യർക്ക് വിമോചകനും വിമോചനവുമൊക്കെ അപ്രാപ്യമായി തീരുന്നു.

ദൈവത്തിനും മനുഷ്യർക്കുമിടയിൽ പ്രതിബന്ധം സൃഷ്ടിക്കാവുന്ന വാതിലുകളും ജാലകങ്ങളും തുറന്നിടാനും തിരശീലകളെ കീറിയെറിയാനും മാത്രമല്ല, മേൽക്കൂരകളെയും മതിലുകളെയും പൊളിച്ചടക്കാനും വചനത്തിൽ സൂചനയുണ്ട്. ഉച്ചനീചത്വങ്ങളില്ലാതെ എല്ലാവരും ദൈവസന്നിധിയി ലാണയട്ടെ. അവനെ മുഖാഭിമുഖം ദർശിച്ച് മോക്ഷം സ്വന്തമാക്കട്ടെ. വിമോചനത്തിലേക്കുള്ള ആ യാത്രയിൽ നമുക്ക് പരസ്പരം താങ്ങാ കാം, തണലാകാം. നമ്മുടെ വിശ്വാസ വും പരസ്പര സ്നേഹവും കണ്ട് ദൈവം വിസ്മയ ഭരിതനാകട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com